(സി) നിയമം നടപ്പാക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല.

(ഡി) കോഴിക്കോട് ജില്ലയിൽ ശ്യാം എന്ന യുവാവിനെ കാറിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്ലേഡ് പലിശക്കാരൻ കൊല ചെയ്യപ്പെടുകയോ ആത്മഹത്യ ചെയ്യുന്നതിന് ഇടയായതായോ ബന്ധപ്പെട്ട് സംസ്ഥാനത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.

## വൻകിട ഫിനാൻസ് സ്ഥാപനങ്ങളുടെ അമിത പലിശ

153 (156) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻകിട ഫിനാൻസ് സ്ഥാപനങ്ങൾ അമിതപലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇതിനെ സംബന്ധിച്ചുള്ള വിശദമായ അന്വേഷണം നടന്നുവരുന്നു.

(ബി) വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ബ്ലേഡ് മാഫിയകൾക്കെതിരെയുള്ള നടപടി

154 (157) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലേഡ് മാഫിയക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ബി) ഇത് സംബന്ധിച്ച് ആകെ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെയാണ് കേസ്സുകൾ എടുത്തിട്ടുള്ളത് ;

(സി) ബ്ലേഡ് മാഫിയകളിൽ ജനങ്ങൾ അഭയം തേടുന്നതിൽനിന്നും അവരെ പിന്തിരിപ്പിക്കുന്നതിലേക്കായി എന്തൊക്കെ ബോധവത്കരണ നടപടികളും പദ്ധതികളുമാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ഇതര സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ന്യായമായ പലിശയ്ക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തുവകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഓപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly